**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** — **17-03-2022 - ൽ മറുപടിയ്ക്ക്**

**ഹൈഡൽ ടൂറിസം സെന്ററിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **null<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതിയുടെ കരാർ കെ.എസ്.ഇ.ബി.യ്ക്ക് നഷ്ടമാണെന്ന് ഹൈഡൽ ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലത്ത് നിന്ന് മണ്ണും മരവും കടത്തിയ സംഭവമുണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഈ വകയിൽ കെ.എസ്.ഇ.ബി.യ്ക്ക് വലിയ നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | മണ്ണും മരവും കടത്തിയതുമായി ബന്ധപ്പെട്ട ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതികൾക്കായി ജൂനിയറായ ഒരു ചീഫ് എക്സിക്യൂട്ടീവ് എൻജിനിയർ നൂറുകണക്കിന് ഏക്കർ സ്ഥലം ബോർഡോ സർക്കാരോ അറിയാതെ പാട്ടത്തിന് നൽകി എന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | KSEBL-യുടെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായി കാണുന്നു. ഇക്കാര്യങ്ങളെകുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | KSEBL-യുടെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായി കാണുന്നു. ഇക്കാര്യങ്ങളെകുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ